REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 07-12-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **വടക്കൻ ഗോവയിൽ നിശാക്ലബ്ബിലെ തീപിടുത്തത്തിൽ 23 പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. രക്ഷാപ്രവർത്തനങ്ങൾ തുടരുന്നു.**
- **ഇന്ത്യ ഉയർന്ന വളർച്ചയുടെയും കുറഞ്ഞ പണപ്പെരുപ്പത്തിന്റെയും ലോക മാതൃകയായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **തീവ്ര വോട്ടർപട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൽ 50 കോടി 93 ലക്ഷത്തിലേറെ എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ.**
- **തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിലെ പരസ്യ പ്രചാരണം വൈകിട്ട് അവസാനിക്കും.**
- **ഇന്ത്യ-ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്.**

## വാർത്തകൾ വിശദമായി

വടക്കൻ ഗോവയിൽ നിശാക്ലബ്ബിലെ തീപിടുത്തത്തിൽ 23 പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. അർദ്ധ രാത്രിയോടെ ബാഗ ബീച്ചിലെ 'ബിർച്ച്' എന്ന ക്ലബ്ബിലാണ് LPG സിലിണ്ടർ പൊട്ടിത്തെറിച്ച് എന്ന് കരുതുന്ന തീപിടുത്തമുണ്ടായത്. ക്ലബ്ബിലെ ജീവനക്കാരാണ് മരിച്ചവരിൽ ഏറെയുമെന്ന് പൊലീസ് പറഞ്ഞു. രക്ഷാ പ്രവർത്തനങ്ങൾ തുടരുകയാണ്. മുഖ്യമന്ത്രി പ്രമോദ് സാവന്തും, DGP യും അടക്കം മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്തുണ്ട്. മൂന്ന് പേർ പൊള്ളലേറ്റും മറ്റുള്ളവർ ശ്വാസം മുട്ടിയുമാണ് മരിച്ചതെന്ന് കരുതുന്നു. സ്ഥിതി നിയന്ത്രണവിധേയമാക്കിയതായി DGP അലോക് കുമാർ അറിയിച്ചു.

✪✪✪

ഇന്ത്യ ഉയർന്ന വളർച്ചയുടെയും കുറഞ്ഞ പണപ്പെരുപ്പത്തിന്റെയും ലോക മാതൃകയായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ എട്ട് ശതമാനം വളർച്ചാ നിരക്ക് രാജ്യം സ്വന്തമാക്കി. ആഗോള രംഗം സാമ്പത്തിക വെല്ലുവിളികളും അസ്ഥിരതയും നേരിടുമ്പോൾ ഇന്ത്യ സ്വന്തം നിലയിൽ അതിൽ നിന്ന് വ്യത്യസ്തമായി നിലകൊള്ളുകയാണെന്ന് ന്യൂഡൽഹിയിൽ സ്വകാര്യ മാധ്യമ സ്ഥാപനം സംഘടിപ്പിച്ച ചടങ്ങിൽ പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

അതിർത്തി കടന്നും അല്ലാതെയും ഉണ്ടാകുന്ന എല്ലാ തരം ഭീകരപ്രവർത്തനങ്ങളേയും ഇന്ത്യയും അമേരിക്കയും ശക്തമായി അപലപിച്ചു. പഹൽഗാം ഭീകരാക്രമണം അടക്കം രാജ്യത്തുണ്ടായ ഭീകരപ്രവർത്തനങ്ങളെ അപലപിച്ച ഇന്ത്യ- US ഭീകരവിരുദ്ധ വർക്കിംഗ് ഗ്രൂപ്പ്, ഇതിന് പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്തി ശിക്ഷിക്കണമെന്നും ന്യൂഡൽഹിയിൽ ആവശ്യപ്പെട്ടു. ISIS അൽഖ്വയ്ദ, ലഷ്കർ ഇ തയ്ബ, ജെയ്ഷെ മുഹമ്മദ്, എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുന്ന സംഘങ്ങൾക്കെതിരെ UN ഉപരോധമടക്കം ഏർപ്പെടുത്തണമെന്ന് അവർ ആവശ്യപ്പെട്ടു.

✪✪✪

യുനസ്കോയുടെ അദൃശ്യ സാസ്കാരിക പൈതൃക സംരക്ഷണ സമ്മേളനം ഇന്ന് ഡൽഹിയിലെ ചുവപ്പുകോട്ടയിൽ ആരംഭിക്കും. കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ ചടങ്ങിൽ മുഖ്യാതിഥിയാകുമെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത് അറിയിച്ചു. നാളെ മുതൽ 13 വരെയാണ് യുനസ്കോയുടെ 20-ാം സെഷൻ ചേരുന്നത്. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു പരിപാടി സംഘടിപ്പിക്കുന്നത്.

കുംഭമേള, കൊൽക്കത്തയിലെ ദുർഗാ പൂജ, ഗുജറാത്തിലെ ഗാർബാ നൃത്തം, യോഗ, രാം ലീല പരിപാടി, വേദപാരായണം, എന്നിവയടക്കം 15 ഇനങ്ങളെ കേന്ദ്രീകരിച്ചാണ് പരിപാടി.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണം രണ്ടാം ഘട്ടത്തിൽ ഇതുവരെ 50 കോടി 93 ലക്ഷത്തിലേറെ എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 51 കോടി വോട്ടർമാരുടെ 99.93 ശതമാനമാണിത്.

ഡെസ്ക് റിപ്പോർട്ട്

......വോയ്സ്......

49 കോടിയിലേറെ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ വെളിപ്പെടുത്തി. നവംബർ നാലിനാണ് കേരളം ഉൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർപട്ടിക പരിഷ്കരണം ആരംഭിച്ചത്. ഫെബ്രുവരി 14ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

സംസ്ഥാനത്ത് ഇന്നലെ ഉച്ച വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 68 ലക്ഷം പിന്നിട്ടതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 96.32 ശതമാനം ആണിത്.

വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 21 ലക്ഷത്തോളമായെന്നും അദ്ദേഹം വാർത്താകുറിപ്പിൽ അറിയിച്ചു. ഫോമുകൾ BLO മാർക്ക് തിരിച്ച് നൽകാത്തവർ എത്രയും വേഗം അവ കൈമാറണമെന്ന് ഡോ. കേൽക്കർ അഭ്യർത്ഥിച്ചു.

✪✪✪

SIR പ്രചാരണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ജില്ലാ ഇലക്ടൽ ലിറ്ററസി ക്ലബ് അംഗങ്ങളെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ സംഘം നേരിൽ കണ്ടു. അസി. ഡയറക്ടർ അപൂർവ് കുമാർ സിങ്, S ഗൗരി എന്നിവരാണ് കൂടിക്കാഴ്ചയിൽ പങ്കെടുത്തവർ.

A day with BLO, മെഗാ കൈറ്റ് ഫെസ്റ്റിവൽ, സാൻഡ് ആർട്ട്, ഉന്നതി ഇന്റർവെൻഷൻ, തീരപ്രദേശങ്ങളിലെ SIR പ്രക്രിയ, ഡിജിറ്റൈസേഷൻ എന്നിവയടക്കം പരിപാടികളാണ് ക്ലബ് അംഗങ്ങൾ സംഘടിപ്പിച്ചത്.

✪✪✪

BLO-മാരുടെ ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തുകയോ അവരെ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നവർക്കെതിരെ കർശന നടപടി എടുക്കുമെന്ന് കാസർകോട് ജില്ലാ കലക്ടർ K ഇമ്പശേഖർ പറഞ്ഞു.

കഴിഞ്ഞ ദിവസം ഉപ്പളയിൽ BLO-യെ വിവര ശേഖരണത്തിനിടെ ഒരു രാഷ്ട്രീയ പാർട്ടി പ്രവർത്തകൻ ഭീഷണിപ്പെടുത്തിയ സാഹചര്യത്തിലാണ് കലക്ടർ മുന്നറിയിപ്പ് നൽകിയത്.

✪✪✪

ഇൻഡിഗോ വിമാന സർവീസുകൾ വ്യാപകമായി മുടങ്ങിയതിൽ വിശദീകരണം തേടി DGCA, ഇൻഡിഗോ മേധാവി, പീറ്റർ എൽബേഴ്സിന് കാരണം കാണിക്കൽ നോട്ടീസ് നൽകി. തുടർച്ചയായ അഞ്ചാം ദിവസവും സർവീസുകൾ മുടങ്ങിയതും യാത്രക്കാർ ദുരിതത്തിലാവുകയും ചെയ്തത് ഇൻഡിഗോയുടെ ആസൂത്രണത്തിലെയും മാനേജ്മെന്റിലെയും ഗുരുതര വീഴ്ചകളാണെന്ന് കാണിച്ചാണ് നോട്ടീസ്. ഇന്നലെ മാത്രം 800-ലധികം വിമാനങ്ങൾ ഇൻഡിഗോ റദ്ദാക്കിയിരുന്നു.

✪✪✪

വിമാന സർവീസുകൾ റദ്ദാക്കിയതും ശൈത്യകാല തിരക്കും കണക്കിലെടുത്ത് വിവിധ സോണുകളിൽ നാളെ വരെ 89 പ്രത്യേക സർവീസുകൾ ഏർപ്പെടുത്തിയതായി റെയിൽവേ അറിയിച്ചു. പൂനെ, ബംഗലൂരു, ഡൽഹി, മുംബൈ, ചെന്നൈ, ഹൈദരാബാദ് എന്നിവയെ ബന്ധിപ്പിക്കുന്ന അധിക സർവീസുകളാണ് ഏർപ്പെടുത്തിയത്.

✪✪✪

സംസ്ഥാന തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിന്റെ പരസ്യ പ്രചാരണം വൈകിട്ട് ആറിന് അവസാനിക്കും. വോട്ടെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കലക്ടർമാർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

......വോയ്സ്......

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലാണ് ചൊവ്വാഴ്ച വോട്ടെടുപ്പ്. 36,630 സ്ഥാനാർത്ഥികൾ മറ്റന്നാളത്തെ തെരഞ്ഞെടുപ്പിൽ ജനവിധി തേടും. രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 11 നും വോട്ടെണ്ണൽ 13 നുമാണ്.

തദ്ദേശ തെരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ പോസ്റ്റ് ഓഫീസുകൾ നാളെ വൈകിട്ട് ആറ് വരെ തുറന്നു പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയതായി പോസ്റ്റ് മാസ്റ്റർ ജനറൽ തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു.പോസ്റ്റൽ ബാലറ്റ് അപേക്ഷകളും ബാലറ്റുകളും അയക്കാനും സ്വീകരിക്കാനും വേണ്ടിയാണ് നടപടി. കണ്ണൂർ ജില്ലയിൽ മാതൃകാ പെരുമാറ്റച്ചട്ടം നടപ്പാക്കുന്ന ആൻറി ഡീഫേസ്മെൻറ് സ്ക്വാഡ് പൊതുസ്ഥലത്തെ 7,128 പ്രചാരണ സാമഗ്രികൾ നീക്കം ചെയ്തു. സ്വകാര്യ സ്ഥലത്തു നിന്ന് ഒരു ബാനറും നീക്കി. കാസർകോട് ജില്ലയിൽ പൊതു സ്ഥാലങ്ങളിൽ സ്ഥാപിച്ച 176 പ്രചാരണ സാമഗ്രികളും നീക്കം ചെയ്തു.

✪✪✪

തദ്ദേശ തെരഞ്ഞടുപ്പ് പ്രചാരണ പര്യടനത്തിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയനും BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറും ഇന്ന് കോഴിക്കോട്ടെത്തും. മുഖ്യമന്ത്രി രാവിലെ പ്രസ് ക്ലബ്ബിൽ മീറ്റ് ദ ലീഡർ പരിപാടിയിലും വൈകിട്ട് ബീച്ചിൽ പൊതു സമ്മേളനത്തിലും പങ്കെടുക്കും.

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ വൈകിട്ട് ശ്രീനാരായാണ സെന്റിനറി ഹാളിൽ 'വികസിത കോഴിക്കോട്' സുഹൃദ്സംഗമത്തിൽ സംബന്ധിക്കും.

മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സാദിഖലി തങ്ങൾ ഇന്ന് മുഖദാറിൽ കോഴിക്കോട് കോർപ്പറേഷൻ UDF തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ സംബന്ധിക്കും.

✪✪✪

സംസ്ഥാനത്തെ തദ്ദേശ തിരഞ്ഞെടുപ്പിന് വീറും വാശിയുമേറുമ്പോൾ തിരഞ്ഞെടുപ്പിന്റെ ആരവമൊട്ടുമില്ലാത്ത രണ്ടിടങ്ങൾ കണ്ണൂർ ജില്ലയിലുണ്ട്. മട്ടന്നൂർ നഗരസഭയും കണ്ണൂർ കന്റോൺമെന്റും.

കണ്ണൂരിൽ നിന്ന് KO.ശശിധരൻ....

.......(വോയ്സ്)........

നിലവിലെ ഭരണസമിതിയുടെ കാലാവധി പൂർത്തിയാവാ ൻ രണ്ടുവർഷം ശേഷിക്കുന്നതാണ് മട്ടന്നൂർ നഗരസഭയി ൽ ഇത്തവണ തിരഞ്ഞെടുപ്പില്ലാത്തതെങ്കിൽ തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ടവകാശം ഇല്ലാത്തതാണ് കണ്ണൂർ കന്റോൺമെന്റിനെ ശ്രദ്ധേയമാക്കുന്നത്. തിരഞ്ഞെടുപ്പും വോട്ടവകാശവുമില്ലെങ്കിലും പ്രദേശവാസികൾ മറ്റിടങ്ങളിലെ പ്രചാരണത്തെയും തിരഞ്ഞെടുപ്പിനെയും ഏറെ ആകാംക്ഷയോടെയാണ് നോക്കിക്കാണുന്നത്. 2027ലാണ് മട്ടന്നൂരിൽ തിരഞ്ഞെടുപ്പ് നടക്കുക. അപ്പോൾ സംസ്ഥാനത്തിന്റെ ശ്രദ്ധാകേന്ദ്രമാകും മട്ടന്നൂർ.

കേരളത്തിലെ ഏക കന്റോൺമെന്റായ കണ്ണൂർ കേന്ദ്ര പ്രതിരോധമന്ത്രാലയത്തിന്റെ കീഴിലാണ്.പാർലമെന്റിലേക്കും നിയമസഭയിലേക്കും കന്റോൺമെന്റ് നിവാസികൾക്ക് വോട്ടുചെയ്യാമെങ്കിലും തദ്ദേശ തിരഞ്ഞടുപ്പിൽ വോട്ടു ചെയ്യാനാവില്ല. കന്റോൺമെന്റ് ബോർഡിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിലാണ് ഇവർക്ക് വോട്ടവകാശം.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്. മൂന്നാമത്തേയും അവസാനത്തേയും മത്സരത്തിൽ വിശാഖപട്ടണത്ത് ദക്ഷിണാഫ്രിക്കയെ ഒമ്പത് വിക്കറ്റിന് തകർത്താണ് ഇന്ത്യയുടെ ആധികാരിക വിജയം. ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്കയെ 47.5 ഓവറിൽ 270 റൺസിന് പുറത്താക്കിയ ഇന്ത്യ 39.5 ഓവറിൽ ലക്ഷ്യം മറികടന്നു.

യശസ്വി ജെയ്സ്വാൾ നേടിയ സെഞ്ച്വറിയും രോഹിതിന്റെയും വിരാട് കോലിയുടേയും അർദ്ധ സെഞ്ച്വറികളുമാണ് ഇന്ത്യയെ വിജയത്തിലെത്തിച്ചത്.

✪✪✪

FIH പുരുഷ ഹോക്കി ജൂനിയർ ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യ, ഇന്ന് ജർമ്മനിയെ നേരിടും. ചെന്നൈയിൽ, വൈകീട്ട് 8 ന് മത്സരം ആരംഭിക്കും. ക്വാർട്ടർ ഫൈനലിൽ ബെൽജിയത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ സെമി പ്രവേശം.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോളിന്റെ രണ്ടാം സീസണിലെ ആദ്യ സെമിഫൈനലിൽ മലപ്പുറം FC, തൃശൂർ മാജിക് FC യെ തൃശ്ശൂരിൽ ഇന്ന് നേരിടും. വൈകിട്ട് ഏഴരയ്ക്ക് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

തിരുവനന്തപുരത്ത് ഡിസംബർ 12-ന് ആരംഭിക്കുന്ന കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ മത്സര വിഭാഗത്തിന്റെ ജൂറി ചെയർപേഴ്സണായി വിഖ്യാത ഇറാനിയൻ സംവിധായകൻ മുഹമ്മദ് റസൂലോഫ് പ്രവർത്തിക്കും.

കാൻ ചലച്ചിത്രമേളയിൽ എട്ട് പുരസ്കാരങ്ങൾ നേടിയ The seed of sacred fig, അടക്കം ചിത്രങ്ങളുടെ സംവിധായകനാണ് അദ്ദേഹം.

സ്പാനിഷ് നടി ആഞ്ചല മോലിന, വിയറ്റ്നാമീസ് സംവിധായകൻ ബുയി താക് ചുയൻ, മലേഷ്യൻ സംവിധായകൻ എഡ്മണ്ട് ഇയോ, ബ്രിട്ടീഷ് ഇന്ത്യൻ സംവിധായക സന്ധ്യാ സൂരി, എന്നിവരാണ് മറ്റ് ജൂറി അംഗങ്ങൾ.

തമിഴ് സംവിധായകൻ K ഹരിഹരൻ KR മേഹനൻ അവാർഡ് ജൂറി ചെയർപേഴ്സണായും പ്രവർത്തിക്കും. സുവർണ്ണചകോരം നേടിയതടക്കം 11 ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും.

✪✪✪

റാന്നി പ്ലാപ്പള്ളി- തുലാപ്പള്ളി റോഡിൽ വൈകിട്ട് ആറ് മുതൽ രാവിലെ ആറു വരെ അയ്യപ്പ ഭക്തരുടെ വാഹനങ്ങൾക്ക് ജില്ലാ കലക്ടർ നിയന്ത്രണം ഏർപ്പെടുത്തി. വനപാതയിൽ അപകട വളവുകളും കുറഞ്ഞ വീതിയുമായതിനാലാണ് സുരക്ഷ മുൻനിർത്തി ഗതാഗതം നിയന്ത്രിച്ചത്. പ്ലാപ്പള്ളി - തുലാപ്പള്ളി പ്രദേശവാസികൾക്ക് ഉത്തരവ് ബാധകമല്ല.

✪✪✪

വിദ്യാഭ്യാസ സാങ്കേതിക വിദ്യാ രംഗത്തെ മികവിന് കൈറ്റ് ദേശീയ പുരസ്കാരം നേടി. ഭുവനേശ്വറിൽ സമാപിച്ച 19-ാമത് ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ കോൺക്ലേവിൽ, നിർമ്മിത ബുദ്ധി അധിഷ്ഠിത 'സമഗ്ര പ്ലസ് AI' ലേണിംഗ് പ്ലാറ്റ്ഫോമിനാണ് എജ്യുക്കേഷൻ ടെക്നോളജി ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചത്.

✪✪✪

കൊല്ലം കൊട്ടിയത്ത് നിർമ്മാണത്തിലിരുന്ന ദേശീയപാത തകർന്ന സ്ഥലത്ത് വിദഗ്ധസംഘം പരിശോധന നടത്തി. കാൺപൂർ IIT യിലെ ഡോ. ജിമ്മി തോമസിന്റെയും, പാലക്കാട് IIT യിലെ ഡോ.T K സുധീഷിന്റെയും നേതൃത്വത്തിലാണ് സംഘം പരിശോധന നടത്തിയത്.

ദേശീയ പാത അതോറിറ്റിയുടെ ഡൽഹി വിദഗ്ധ സംഘം ഇന്ന് സ്ഥലം സന്ദർശിക്കും.

✪✪✪

കൊല്ലം കുരീപ്പുഴയിൽ പത്ത് മീൻ പിടുത്ത ബോട്ടുകൾ കത്തി നശിച്ചു. പുലർച്ചെയോടെ ഉണ്ടായ തീപിടുത്തത്തിൽ ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. തീ അണയ്ക്കാൻ ശ്രമം തുടരുന്നു. അപകട കാരണം അറിവായിട്ടില്ല.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: അബദുൾ കബീർ, അനുഷ ആത്മപ്രകാശ്*
*DEO : സി കെ സുബോധ്*